കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവന നിർമ്മാണ വകുപ്പ് - കലവറ മുഖാന്തിരം നിർമ്മാണ സാമഗ്രികളായ സിമൻറ്, കമ്പി ഇവ വിതരണം ചെയ്യുമ്പോൾ പാലിക്കേണ്ട മാർഗ്ഗരേഖ-ഭേദഗതികൾ-അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

ഭവന നിമ്മാണ (എ) വകുപ്പ്

സ.ഉ. (സാധാരണ ) നം 4/2011/ഭവനം     തീയതി, തിരുവനന്തപുരം, 2/2 /2011

==========================================================

പരാമർശം:- 1) സർക്കാരിന്റെ 5-9-2009-ലെ ഉത്തരവ് സ.ഉ(കൈ.) 30/2009/ഭവനം

2) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 13.01.2011-ലെ TECH/10557/09/KSNK എന്ന നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം മണൽ ഒഴികെയുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ കലവറകൾ വഴി വിതരണം ചെയ്യുമ്പോൾ പാലിക്കേണ്ടതായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചു

നിലവിൽ ഗുണഭോക്താക്കൾക്ക് നാമമാത്രമായ വിലക്കുറവ് കലവറ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്നുവെങ്കിലും നിർമ്മാണ സ്ഥലത്തെത്തിക്കുന്നതിനാവശ്യമായ ഗതാഗതചെലവ് കൂടി കണക്കാക്കുമ്പോൾ പൊതു വിപണിയിലെ വിലയേക്കാൾ അധികരിക്കുന്നതായി കാണുന്നതായും ഗുണഭോക്താക്കൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുവാനും വിലയിലുൾപ്പെടെ കലവറയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് മൊത്തമായും ഏകീകരിക്കുന്നതിനുമായി ഭേദഗതികൾ ആവശ്യമാണെന്ന് കണ്ടതിനെത്തുടർന്ന് പരാമർശം ഒന്നിലെ ഉത്തരവിലെ അനുബന്ധം 3-ലെ 'ബി ' പിരിവിന് താഴെ പറയുന്ന ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

56 ചതു:മീറ്ററോ (600 sqft) അതിൽ താഴെയോ തറ വിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണം നടത്തുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സിമൻറ്, കമ്പി വിൽപ്പന നടത്തുന്നത്.

എ) നിർമ്മിതിക്ക് സാമഗ്രികൾ ലഭിക്കുന്ന വിലയിൽ നിന്നും പരമാവധി 15% വരെ വില കുറച്ച് സാമഗ്രികൾ നൽകാവുന്നതാണ്.

ബി) ഓരോ ഗുണഭോക്താവിനും പരമാവധി 50 ബാഗ് സിമൻറും 500 കിലോ കമ്പിയും മാത്രമേ നൽകാവൂ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാജൻ പീറ്റർ,
പ്രിൻസിപ്പൽ സെക്രട്ടറി.

ഡയറക്ടർ, സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്കും
ധനകാര്യ വകുപ്പ്.

പകർപ്പ്:-

ഭവനനിർമ്മാണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ജോയിൻറ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം,

(signature)

സെക്ഷൻ ഓഫീസർ.